(എ) കേന്ദ്ര പദ്ധതി പ്രകാരം ആയുർവ്വേദ, സിദ്ധ, യുനാനി ഔഷധങ്ങൾക്ക് പ്രത്യേക ഡ്രഗ്സ് കൺട്രോൾ വിഭാഗം നടപ്പിലാക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ആയുർവ്വേദ, സിദ്ധ, യുനാനി ഔഷധ നിർമ്മാണ രംഗത്തിന്റെ അഭിവൃദ്ധിക്കായി കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇക്കാര്യത്തിനായി 2003 വർഷത്തിൽ കേന്ദ്രസർക്കാർ അനുവദിച്ച തുക ചെലവഴിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കേന്ദ്ര പദ്ധതികൾ പ്രകാരം ആവശ്യമായ തുക ലഭ്യമാകും എന്നിരിക്കെ ആയുർവ്വേദ വിഭാഗത്തിന് പ്രത്യേക ഡ്രഗ്സ് കൺട്രോൾ വകുപ്പ് രൂപീകരിക്കുന്നതിലേക്കായി തിരുവനന്തപുരം ആരോഗ്യഭവന് മുകളിൽ ഒരു നില കെട്ടിടം കൂടി പ്രത്യേകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആയുർവ്വേദ, സിദ്ധ, യുനാനി ഔഷധങ്ങളുടെ ലൈസൻസിംഗ് അതോറിറ്റിയായി ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറിനെ 16-2-2004-ൽ നിയമിച്ചു. കൂടാതെ മേൽ വിഭാഗങ്ങൾക്കായി ഒരു ഡ്രഗ്സ് കൺട്രോളറുടെതുൾപ്പെടെ മൂന്ന് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ആയുർവ്വേദ, സിദ്ധ, യുനാനി ഔഷധങ്ങളുടെ ഗുണ പരിശോധനക്കായി പുതിയ ഒരു ലബോറട്ടറി തുടങ്ങുന്നതിനായുള്ള പദ്ധതി അടുത്ത 5 വർഷത്തേക്കുള്ള സർക്കാരിന്റെ കർമ്മപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) 2003-04 വർഷത്തിൽ കേന്ദ്രസർക്കാർ 7.78 ലക്ഷം രൂപ അനുവദിച്ചത് വർഷാവസാനമായതിനാൽ ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. ആ തുക 2005-06 വർഷത്തിൽ റീ വാലിഡേറ്റ് ചെയ്ത് നൽകുന്നതിനുള്ള നടപടി കൈക്കൊണ്ടു വരുന്നു.

(ഡി) പ്രത്യേക ഡ്രഗ്സ് കൺട്രോൾ വിഭാഗം രൂപീകരിക്കുന്ന കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് പുതുതായി നിർമ്മിച്ച കെട്ടിടം

134. [901] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് പുതുതായി നിർമ്മിച്ച കെട്ടിട സമുച്ചയത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ആശുപത്രി സമുച്ചയത്തിന്റെ നിശ്ചിത പദ്ധതി പ്രകാരമുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും പൂർത്തിയാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അവശേഷിക്കുന്നവ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) എത്രയും വേഗം ഈ ആശുപത്രി സമുച്ചയത്തിന് പദ്ധതിപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതിയ കെട്ടിട സമുച്ചയത്തിൽ മെഡിക്കൽ കോളേജിന്റെ മൂന്ന് യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) എല്ലാ അടിസ്ഥാന സൗകര്യങ്ങളും പൂർത്തിയാക്കിയിട്ടില്ല. സർജിക്കൽ ബ്ലോക്കിലെ ശീതീകരണ സംവിധാനം, മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ എന്നിവ പൂർത്തിയാക്കുവാനുണ്ട്.

(സി) ഈ സൗകര്യങ്ങൾ ഏകദേശം പൂർത്തിയായി വരുന്നു. ഇവ എത്രയും പെട്ടെന്ന് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്

135. [902] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ പുലയനാർകോട്ടയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് എന്ന ഗവേഷണ സ്ഥാപനത്തിൽ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ബി) ഈ സ്ഥാപനം നിർദ്ദിഷ്ട ലക്ഷ്യം കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) 2005-ൽ ഈ സ്ഥാപനത്തിന്റെ എത്ര ഡയറക്ടർ ബോർഡ് യോഗങ്ങൾ ചേർന്നിട്ടുണ്ട് ;

(ഡി) ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിന്റേയും ലോകാരോഗ്യ സംഘടനയുടേയും സഹായത്തോടെ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ഉന്നതതലയോഗം വിളിച്ചുചേർക്കാൻ നിർദ്ദേശിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly